LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരപ്പള്ളി ഗവണ്മെന്റ് സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ നടപടി

39 (T7004) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പള്ളി ഗവ. സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശപ്രകാരം സ്കൂളിന്റെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ് ;

(ബി) അടുത്ത അധ്യയന വർഷത്തേക്ക് സ്പോർട്സ് സ്കൂൾ പ്രവർത്തനമാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം എച്ച്.എസ്-ൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 2-7-2014-ൽ വിളിച്ചുചേർത്തിരുന്നു. ടി യോഗതീരുമാനപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ്, കായിക യുവജനകാര്യ ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിച്ച് ഒരു മോഡിന്റ് പ്രൊപ്പോസൽ തയ്യാറാക്കുകയും ടി പ്രൊപ്പോസൽ പരിശോധിച്ചശേഷം സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതുമാണ്.

എസ്.എസ്.എ വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം

40 (7005) ശ്രീ. വി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ൽ എസ്.എസ്.എ. വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് വിതരണം നടത്തിയത് ; എല്ലാ കുട്ടികൾക്കും നൽകിയിട്ടുണ്ടോ ; എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ടോ ;

(ബി) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള റേറ്റ് കോൺട്രാക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും മേപ്പടി ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എസ്.എസ്.എ., 7-2-2014-ന് എ2-548/14/എസ്.എസ്.എ. നമ്പർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഉത്തരവിൽ നിബന്ധന നമ്പർ 3 ഹിയറിംഗ് എയ്ഡുകളുടെ (ബി.റ്റി.ഇ.) ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ് എന്ന് കഴിഞ്ഞ് SIEMENS എന്ന് ബ്രാക്കറ്റിൽ കൊടുത്തതുകൊണ്ട് എന്താണു ദ്യേശിക്കുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

[''] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) ഇത് ഏതെങ്കിലും കമ്പനിയുടെ പേരാണോ ; എങ്കിൽ പ്രസ്തുത കമ്പനിയിൽ നിന്നും വാങ്ങണമെന്നാണോ ഉത്തരവുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) അങ്ങനെയെങ്കിൽ SIEMENS എന്ന കമ്പനിയുടെ സംസ്ഥാനത്തിലെയോ, ദക്ഷിണേന്ത്യയിലെയോ വിതരണക്കാർ ആരാണ് ;

(ജി) ഇതുവരെ വിതരണത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഏതു കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള ഉപകരണ വിതരണം മാർച്ച്, ഏപ്രിൽ മാസത്തിനായി പൂർത്തിയാക്കുകയുണ്ടായി. മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത സഹായ ഉപകരണങ്ങൾ ആവശ്യമാണെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും ഉപകരണവിതരണം നടത്തിയിട്ടുണ്ട്.

(ബി) അനുമതി നൽകിയിട്ടുണ്ട്.

(സി) സർക്കുലർ ഇറക്കിയിട്ടുണ്ട്.

(ഡി) വിതരണം ചെയ്യുന്ന ഉപകരണങ്ങളിൽ സീമെൻസ് കമ്പനിയുടെ ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ ഗുണനിലവാരം പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണെന്ന് ടി സൂചനകൊണ്ടുദ്ദേശിക്കുന്നത്.

(ഇ) അതെ. സീമെൻസ് എന്ന കമ്പനിക്കാരുടെ ഉൽപന്നമാണെങ്കിൽ അവയുടെ ഗുണനിലവാരം പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണെന്നാണ് ഉദ്ദേശിച്ചത്.

(എഫ്) ബാധകമല്ല

(ജി) 2013-14 വർഷത്തിൽ കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ നിന്നും സ്റ്റോർ പർച്ചേസ് മറ്റ് കോൺട്രാക്ട് പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങിയത്.

ആലപ്പുഴ ജില്ലയിൽ എ.എസ്.എ.പി. അനുസരിച്ച് പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ

41 (7006) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എ.എസ്.എ.പി. അനുസരിച്ച് എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly